(ബി) പ്രസ്തുത ഓഫീസിൽ ആകെ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത സ്ഥാപനത്തിലേക്ക് നിയമനം നടത്തുന്നത് പി.എസ്.സി. വഴിയാണോ;

(ഡി) അല്ലെങ്കിൽ നിയമനം പി.എസ്.സി.-ക്ക് വിടുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 248 ബ്രാഞ്ചുകളും 5 റിജിയണൽ ഓഫീസുകളും 9 എസ്.ഡി.റ്റി. ഓഫീസുകളും ഹെഡ്ഡോഫീസും ഉൾപ്പെടെ 263 ഓഫീസുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) 3468 സ്ഥിരം ജീവനക്കാർ കെ.എസ്.എഫ്.ഇ.-യിൽ ജോലി ചെയ്യുന്നുണ്ട്

(സി) അതെ.

(ഡി) ബാധകമല്ല.

പാരിപ്പള്ളിയിലെ വിദേശ മദ്യഷോപ്പ് മാറ്റി സ്ഥാപിക്കാൻ നടപടി

15 (982) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരിപ്പള്ളിയിലെ ബിവറേജസ് കോർപ്പറേഷന്റെ വിദേശ മദ്യഷോപ്പ് മാറ്റി സ്ഥാപിക്കണമെന്നത് സംബന്ധിച്ച് കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ പ്രമേയം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇപ്രകാരം ഒരു പ്രമേയം കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ലഭിച്ചിട്ടുണ്ട്.

(ബി) കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ പ്രമേയം കൂടാതെ പാരിപ്പള്ളിയിലെ ചില പൗരജനങ്ങളും ഇതു സംബന്ധിച്ചുനൽകിയ പരാതി ലഭിച്ചിട്ടുണ്ട്. പരാതിക്കാരെ നേരിൽക്കണ്ട് അന്വേഷിച്ചതിൽ നിന്നും പ്രസ്തുത ഷോപ്പിൽ നിന്നും മദ്യം വാങ്ങിയ ചിലർ 75 മീറ്റർ അകലെയുള്ള പാരിപ്പള്ളി ജംഗ്ഷനിൽ മദ്യപിച്ച് ബഹളമുണ്ടാക്കുന്നതുകൊണ്ട് ബുദ്ധിമുട്ട് ഉണ്ടാകുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ പരാതിക്കാർ ബീവറേജസ് കോർപ്പറേഷന്റെ പ്രസ്തുത വിദേശമദ്യഷോപ്പിൽ നിന്നും ഏകദേശം രണ്ടു കിലോമീറ്റർ വരെ അകലെ താമസിക്കുന്നവരുമാണ്. പ്രസ്തുത ഷോപ്പ് നിയമാനുസൃതമായ സ്ഥലത്ത് പ്രവർത്തിക്കുന്നതിനാലും ടി ഷോപ്പിന്റെ രണ്ടു കിലോമീറ്റർ അകലെ താമസിക്കുന്നവർ മാത്രം നൽകിയ പരാതിയിലെ ആവശ്യവും കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ പ്രമേയത്തിലെ ആവശ്യവും ഒന്നു തന്നെ ആയതിനാലും ആയതിൽ കഴമ്പില്ലാത്തതിനാലും പ്രമേയത്തിലെ ആവശ്യം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly